വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവേശനം

കാഞ്ഞങ്ങാട്: വെള്ളിക്കോത്ത് മഹാകവി പി.സ്മാരക ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ വി.എച്ച്.എസ്.ഇ ഒന്നാം വർഷ പ്രവേശനം ആരംഭിച്ചു. ഹയർസെക്കണ്ടറി പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യ പരിശീലനം കൂടി ലഭ്യമാക്കുന്ന, കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് പഠനപദ്ധതി അനുസരിച്ചുള്ള ഫ്ളോറി കൽച്ചറിസ്റ്റ് (ഓപ്പൺ കാൾട്ടിവേഷൻ)-എഫ്.ഒ.സി, ഗാർഡനർ ജിഎൻആർ എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾ 04672 267826 എന്ന നമ്പറിൽ ലഭിക്കും.

ഹദിയ അതിഞ്ഞാൽ ആയിരത്തോളം കുടുംബങ്ങൾക്ക് ഇച്ചിയും അരിയും നൽകി

കാഞ്ഞങ്ങാട്: ഹദിയ അതിഞ്ഞാൽ ബലി പെരുന്നാളിനോടനുബന്ധിച്ചു അതിഞ്ഞാൽ പ്രദേശത്തെയും വാടക ക്വാർട്ടേഴ്സുകളിലെ ഉൾപ്പടെ ആയിരത്തോളം കുടുംബങ്ങൾക്ക് ബിരിയാണി അരിയും ഇറച്ചിയും നൽകി. ഹദിയ പ്രവർത്തകർ ഇവ വീടുകളിൽ എത്തിക്കുകയായിരുന്നു. ഹദിയ ചെയർമാൻ എം. ബി. എം. അഷ്റഫ്, കൺവീനർ ഖാലിദ് അറബിക്കാടത്ത്, അതിഞ്ഞാൽ ജമാഅത്ത് ജനറൽ സെക്രട്ടറി പി. എം. ഫാറൂഖ്, ട്രഷർ വി. കെ. അബ്ദുള്ള, പി. എം. ഹസ്സൻ ഹാജി, സി. എച്ച്. കുഞ്ഞബ്ദുള്ള, സി. എച്ച്.സുലൈമാൻ, പി. വി. സൈദു ഹാജി, ബി. മുഹമ്മദ്, പി. എം. ഫാറൂഖ് അബൂദാബി, ഹമീദ്, സി. ബി. സലീം, ഷെബീർ മൗവ്വൽ, റമീസ്, പി. എം. ഫൈസൽ, ഹമീദ് ചേരക്കാടത്ത്, പി. അബ്ദുൽ കരീം, പി. എം. ജാഫർ, ഖലീൽ ഹുദവി നേതൃത്വം നൽകി.

കെ. സി. ടി. ടി. യു ജില്ലാ ഭാരവാഹികൾ

കാസർകോട് :കേരള കൗൺസിലേർസ് ആന്റ് ട്രെയിനേർസ് ട്രേഡ് യൂണിയൻ (കെ.സി.ടി.ടി.യു) ജില്ലാ സമ്മേളനം നടത്തി. സംസ്ഥാന പ്രസിഡണ്ട് ഡോ. ബെഞ്ചമിൻ ഈശോ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് കെ.വി ശ്രീരാജ് ആധ്യക്ഷം വഹിച്ചു. കെ.ഗോപകുമാർ, പുഷ്പാപാകരൻ ബെണ്ടിച്ചാൽ, ഫയാസ്, രാമചന്ദ്രൻ മാർപ്പനടുക്ക, ടി.പുഷ്പാംഗദൻ, ഇർഫാദ് മായിപ്പാടി, ഷൈജിത് കരുവാക്കോട്, സുകുമാരൻ പനയാൽ, സുഹൈറ.പി.കെ, മുഹമ്മദ് നൗഷാദ് എ.സി, സെയ്ഫുദ്ദീൻ ടി കെ, അബ്ദുൾ റഹിമാൻ എ രോൽ, മുനീർ ഉദിനൂർ, ടെസ്സിൻ മാണി സംസാരിച്ചു. ഭാരവാഹികൾ: ശ്രീരാജ് കെ. വി (പ്രസി.), പുഷ്പാകരൻ ബെണ്ടിച്ചാൽ (സെക്ര.), ടെസ്സിൻ മാണി (ട്രഷ.), ടി.പുഷ്പാംഗദൻ, സുഹൈറ പി. കെ (വൈ.പ്രസി.) ഷൈജിത് കരുവാക്കോട്, മുനീർ ഉദിനൂർ (ജോ. സെക്ര.).

കേരള കൗൺസിലേർസ് ആന്റ് ട്രെയിനേർസ് ട്രേഡ് യൂണിയൻ ജില്ലാ ഭാരവാഹികളായ ശ്രീരാജ് (പ്രസി), പുഷ്പാകരൻ ബെണ്ടിച്ചാൽ (സെക്ര.).

MARKLIST LOST

I, Salini.K, Kanam House, P.O. Edneer, Chengala Via, Kasaragod here by bring to the notice of the public that my 2nd Pre-degree Marklist (Reg.No.90712-April-2000) of Calicut University has been lost during travel between Udma and Kasaragod on 05-07-2020 and as such Iam applying to the Calicut University for issue a duplicate mark list. If any body has objection to this, please intimate the under signed as well as the University.

Sd/-
Salini.K, Mob: 9961511570

ചെർക്കള–കല്ലടുക്ക സംസ്ഥാന റോഡ് അപകട ഭീഷണിയിൽ

ബദിയഡുക്ക: ചെർക്കള-കല്ലടുക്ക സംസ്ഥാന പാത അപകട ഭീഷണി നേരിടുന്നു.

റോഡിന്റെ വശങ്ങളിൽ ഉണങ്ങി നിൽക്കുന്ന മരങ്ങളാണ് അപകട ഭീഷണി ഉയർത്തുന്നത്. ബദിയഡുക്ക-പെർള റൂട്ടിലെ കരിമ്പിള, പള്ളത്തടുക്ക, ഗോളിയടി, കെദുമൂല എന്നിവിടങ്ങളിൽ റോഡരുകിലുള്ള മരങ്ങളാണ് ഉണങ്ങി ദ്രവിച്ച് ഏതു നിമിഷവും നിലം പതിക്കാവുന്ന നിലയിലുള്ളത്.

കഴിഞ്ഞ വേനൽക്കാലത്ത് ഉണങ്ങിയ മരങ്ങൾ നിരന്തരമായി പെയ്യുന്ന മഴയിൽ സ്വയം അടർന്നു വീണു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആഴ്ച പള്ളത്തടുക്കയിൽ ഇത്തരത്തിൽ ദ്രവിച്ച ഒരു മരത്തിന്റെ വലിയ ശിഖരം നിലംപതിച്ചപ്പോൾ അതുവഴി മൂന്നു ബൈക്കുകൾ സഞ്ചരിക്കുന്നുണ്ടായിരുന്നു. ഭാഗ്യം കൊണ്ടു മാത്രമാണ് ഇവർ അപകടങ്ങളിൽ നിന്നു രക്ഷപ്പെട്ടത്.

ലോക് ഡൗൺ മൂലം ബസ് സർവ്വീസ് നിലച്ചതിനാലാണ് അപകടം ഒഴിവാവുന്നതെന്നു നാട്ടുകാർ സൂചിപ്പിച്ചു. ബസ്സുകൾ ഇല്ലെങ്കിലും മറ്റു വാഹനങ്ങൾ ഈ റോഡിൽ നിരന്തരം സഞ്ചരിക്കുന്നുണ്ട്.

പള്ളത്തടുക്കയിൽ അപകട നിലയിൽ റോഡ് സൈഡിൽ ഉണങ്ങി നിൽക്കുന്ന വൻമരം.

ആറു ദശാബ്ദമായി നടക്കുന്ന വഴിക്കു മുള്ളുവേലിയെന്നു പരാതി

ചെർക്കള: അറുപതു വർഷമായി ഉപയോഗിക്കുന്ന വഴി മുള്ളുവേലി കെട്ടി അടച്ചതായി പരാതി. 17 വർഷം മുമ്പു ജില്ലാ പഞ്ചായത്ത് കെട്ടിപ്പൊക്കിയ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ ടാങ്കിലേക്കുള്ള വഴിയും മുള്ളുവേലിക്കുള്ളിലാക്കിയെന്നു ചെർക്കള പാടി കണ്ണാടിപ്പാറയിലെ സരോജിനി, വേണു എന്നിവർ അധികൃതരോടു പരാതിപ്പെട്ടു.

പ്രായമുള്ളവരും കുട്ടികളും അടങ്ങിയ കുടുംബത്തിനാണ് മുള്ളുവേലി കെട്ടിയതോടെ വഴി അടഞ്ഞതെന്നു പരാതിയിൽ പറഞ്ഞു. ഇതേ സ്ഥലത്തെ മറ്റു വീടുകളെല്ലാം ചുറ്റുമതിൽ കെട്ടിയതിനാൽ ഈ അശരണ കുടുംബം ഇപ്പോൾ ഈ കൊറോണക്കാലത്തു പുറത്തിറങ്ങാൻ കഴിയാതെ വീടുകളിൽ കുടുങ്ങിയിരിക്കുകയാണെന്നു കൂട്ടിച്ചേർത്തു.

അയൽക്കാരൻ വഴിക്കുമുള്ളുവേലി കെട്ടിയതിനെത്തുടർന്നു വഴി അടഞ്ഞ കുടുംബാംഗങ്ങൾ

കോവിഡ് കാലത്തെ ഐഎംഎയുടെ പ്രവർത്തനം മാതൃകാപരം: മന്ത്രി ചന്ദ്രശേഖരൻ

കാഞ്ഞങ്ങാട്: രാജ്യം കോവിഡിന്റെ പിടിയിൽ അകപ്പെട്ട ഈ സമയത്ത് സന്നദ്ധ സംഘടനകളിൽ ഐഎംഎ യുടെ പ്രവർത്തനം ലോകത്തിന് തന്നെ മാതൃകയാണെന്ന് മന്ത്രി ഇ ചന്ദ്രശേഖരൻ പ്രസ്താവിച്ചു. മാവുങ്കാൽ ആനന്ദാശ്രമത്തിന് സമീപം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാഞ്ഞങ്ങാടിന്റെ പുതിയ ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡണ്ട് ഡോ.കെ.ജി. പൈ ആധ്യക്ഷം വഹിച്ചു. എം പി രാജ് മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയായി. നഗരസഭ ചെയർമാൻ വി വി രമേശൻ, ഐ എം എ കാസർകോട് പ്രസിഡണ്ട് ഡോ.നാരായണ പ്രദീപ്, ഡോ. സുരേഷ് ബാബു, ഡോ. ടി വി പത്മനാഭൻ, ഡോ.എൻ രാഘവൻ, ഡോ.വി അഭിലാഷ്, പ്രവീൺ അറോറ സംസാരിച്ചു.

ഡോ.എം മുഹമ്മദ്, ഡോ. ജയപാൽ ഷെട്ടി, ഡോ.ഇ സി കെ രമേശൻ എന്നിവർ ഓൺലൈൻ വഴിയും ചടങ്ങിൽ സംബന്ധിച്ചു.പുതിയ ആസ്ഥാന മന്ദിരത്തിൽ മുന്നൂറോളം പേർക്കിരിക്കാവുന്ന കോൺഫ്രൻസ് ഹാൾ, ഭക്ഷണശാല ,പാർക്കിംഗ് ഏരിയ ,കളി സ്ഥലം എന്നീ സൗകര്യങ്ങളുണ്ട്.

ഐ.എം.എ കാഞ്ഞങ്ങാട് ആസ്ഥാനമന്ദിരം മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

ഉത്തരവുകളിൽ വ്യക്തത വേണമെന്ന്

കാസർകോട്: കോവിഡ് എന്ന മഹാമാരി സമൂഹത്തിന് ഭീഷണിയാവും വിധം വ്യാപിച്ചു കൊണ്ടിരിക്കുമ്പോൾ അതിനെ പ്രതിരോധിക്കാനുള്ള ഉത്തരവാദിത്വവും ജാഗ്രതയും സ്വീകരിക്കേണ്ടത് ഭരണാധികാരികളുടെ കടമയാണെന്നും എന്നാൽ ജില്ലാ കളക്ടറും പൊലീസ് മേധാവികളും നല്കുന്ന അപ്രതീക്ഷിത ഉത്തരവുകൾ ആശയ കുഴപ്പമുണ്ടാക്കുകയും അത്യാവശ്യത്തിനായി നിരത്തിലിറങ്ങുന്നവരേയും സാധാരണക്കാരേയും വലക്കുകയാണെന്നും മുസ്ലീംലീഗ് ചെമ്മനാട് പഞ്ചായത്ത് കമ്മിറ്റി വൈ.പ്രസി മുസ്തഫ ആരോപിച്ചു. ഉത്തരവുകളിൽ വ്യക്തത വരുത്തണമെന്നു കൂട്ടിച്ചേർത്തു.

ഉന്നത വിജയികൾക്ക് ആദരം

കാസർകോട്: കാസർകോട് പബ്ലിക് സർവ്വന്റ്സ് സഹകരണ സംഘം അംഗങ്ങളുടെ മക്കളിൽ എസ് എസ് എൽ സി, പ്ലസ്ടു ഡിഗ്രി, പി ജി ഉന്നത വിജയികളെ അനുമോദിക്കുന്നു.അപേക്ഷ മാർക്ക് ലിസ്റ്റിനോടൊപ്പം ഓൺലൈൻ ആയോ നേരിട്ടോ സംഘം ഹെഡ് ഓഫീസിലോ ബ്രാഞ്ച് മുഖേനയോ സമർപ്പിക്കാവുന്നതാണ്. അവസാന തീയ്യതി പതിനാറ് വൈകുന്നേരം അഞ്ച് മണി.

കൊറോണ കാറ്റിൽ ആടിയുലഞ്ഞ് കോട്ടപ്പുറത്തെ കായൽ ടൂറിസം

നീലേശ്വരം: കോട്ടപ്പുറം കായൽ കേന്ദ്രീകരിച്ചു പുഷ്ടിപ്രാപിച്ച വഞ്ചി വീട് വ്യവസായം കടുത്ത പ്രതിസന്ധിയിൽ. കോവിഡ്, ടൂറിസം മേഖലയിൽ ഉണ്ടാക്കിയ തളർച്ച വിനോദ സഞ്ചാര രംഗത്തെ ആശ്രയിച്ചു മുന്നേറിയ വഞ്ചി വീട് ഉടമകളെയും കഷ്ടത്തിലാക്കി. കോട്ടപ്പുറത്തു നിന്നു പുറപ്പെട്ട് വലിയപറമ്പ് ദ്വീപിന്റെ ചന്തവും കായൽ സൗന്ദര്യവും നുകർന്നു ഏഴിമലയുടെ താഴ്വാരം ചുറ്റി കടന്നു പോകുന്ന മുപ്പതോളം വഞ്ചി വീടുകൾ മാസങ്ങളായി കായലിൽ വിശ്രമിക്കുകയാണ്. പലതും തുരുമ്പെടുത്തു തുടങ്ങിയിട്ടുണ്ട്.

വീണ്ടും ഓട്ടം തുടങ്ങണമെങ്കിൽ ലക്ഷങ്ങൾ ചെലവഴിക്കണം. സഞ്ചാരികൾ ഇല്ലാത്തതിനാൽ ഇപ്പോൾ പേരിനു പോലും ഓട്ടമില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അല്ലാതെയും ഭീമമായ തുക വായ്പയെടുത്തു വഞ്ചി വീടുകൾ നീറ്റിലിറക്കിയ ഉടമകൾ തിരിച്ചടവ് വഴി മുട്ടി കഷ്ടപ്പെടുന്നുണ്ട്. അര കോടിയിൽ അധികം രൂപ ചെലവഴിച്ചാണ് ഒരു വഞ്ചി വീട് കായലിൽ ഇറക്കുന്നത്. അലങ്കാരങ്ങളോടെ വഞ്ചി വീട് കായലിൽ ഇറക്കാൻ 80 ലക്ഷം രൂപയെങ്കിലും വേണം. 10 മുതൽ 50 പേരെ വരെ ഉൾക്കൊള്ളാവുന്ന വഞ്ചി വീടുകളാണ് ഇവിടെയുള്ളത്. ഒറ്റയ്ക്കും കൂട്ടായും ഈ വ്യവസായം നടത്തുന്നവരുണ്ട്. മിക്കവരും വായ്പയെ ആശ്രയിച്ചു ഈ രംഗത്ത് എത്തിയവരാണ്. ഈ വ്യവസായത്തിനായി ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകാൻ മടിക്കുന്നതിനാൽ ഭൂമി പണയം വച്ചും മറ്റുമാണ് വായ്പ എടുത്തത്. സർക്കാരിൽ നിന്നോ ടൂറിസം വകുപ്പിൽ നിന്നോ വഞ്ചിവീട് വ്യവസായത്തിനു സഹായമില്ല. ലോക് ഡൗൺ കാലത്ത് ദുരിതം നേരിട്ടവരെ സർക്കാർ സഹായിച്ചപ്പോൾ ആ പട്ടികയിലും വഞ്ചിവീട് ഉടമകളോ ഇതിനെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളോ ഇടം പിടിച്ചില്ല. ഈ രംഗത്ത് 150 ഓളം തൊഴിലാളികളുണ്ട്. ഇവരിൽ പലരും ഇപ്പോൾ മീൻപിടുത്തം ഉൾപ്പെടെയുള്ള തൊഴിലുകൾ തേടി. കായലിൽ മാസങ്ങളായി ഒരേ കിടപ്പായതു മൂലം വഞ്ചി വീടുകളുടെ അടി ഭാഗം തുരുമ്പെടുത്തു തുടങ്ങിയിട്ടുണ്ട്. വീണ്ടും ഓട്ടം തുടങ്ങണമെങ്കിൽ കരയ്ക്കു കയറ്റി അറ്റകുറ്റപ്പണി നടത്തണം. ഇതിനു മാത്രമായി ഭീമമായ തുക വേണം. സാമ്പത്തിക സഹായം ലഭിക്കാതെ ഈ വ്യവസായ മേഖല മുന്നോട്ടു കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. ഉടമകളും തൊഴിലാളികളും സർക്കാർ സഹായിക്കുമെന്ന പ്രതീക്ഷയിലാണ്.

തരിശ് പാടത്ത് ജൈവ നെൽകൃഷി ഒരുക്കി ജി വി എച്ച് എസ് എസ് ഇരിയണ്ണി

ഇരിയണ്ണി: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 8 വർഷമായി തരിശായി കിടന്ന ബെള്ളിപ്പാടിയിലെ കരുണാകരനായിക്കിന്റെ 2 ഏക്കർ സ്ഥലത്ത് മുളിയാർ കൃഷി ഭവന്റെ സഹകരണത്തോടെ ഇരിയണ്ണി ജി.വി.എച്ച്.എസ്.എസ് എൻ.എസ്.എസ് യൂണിറ്റ് കൃഷിയിറക്കി. തുടർച്ചയായി പത്താം വർഷമാണ് എൻഎസ്എസ് നെൽക്കൃഷി ചെയ്ത് വരുന്നത്. ഒരോ വർഷവും ഇരിയണ്ണിയുടെ വ്യത്യസ്ത മേഖലകളിൽ തരിശായ സ്ഥലങ്ങളിലാണ് കൃഷി ചെയ്ത് വരുന്നത്. ആദ്യമായാണ് ബെള്ളിപ്പാടിയിൽ കൃഷി ചെയ്യുന്നത്. നേരത്തെ ചെയ്ത എല്ലാ സ്ഥലത്തും ഇപ്പോൾ ഉടമസ്ഥർ തന്നെ കൃഷിയിറക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കുറച്ച് വളണ്ടിയർമാർ മാത്രമേ പരിപാടിയിൽ പങ്കെടുത്തുള്ളൂ. ഞാറ് നടീൽ പരിപാടി മുളിയാർ പഞ്ചായത്ത് പ്രസിഡണ്ട് ഖാലിദ് ബെള്ളിപ്പാടി ഉദ്ഘാടനം ചെയ്തു കെ സുരേന്ദ്രൻ കൃഷി ഓഫീസർ പി രാമകൃഷ്ണൻ, പി ചെറിയാൻ കരുണാകര നായ്ക് ബി. കെ നാരയണൻ, ശ്രീനിവാസൻ കെ, സജീവൻ മടപ്പറമ്പത്ത് സംസാരിച്ചു. പെരിയ അഗ്രോ സൊസൈറ്റിയുടെ സഹകരണത്തോടെയാണ് ഞാറ് നട്തത്.

നിർധനരായ മുഅല്ലിമുകളുടെ കാര്യം മഹല്ല് നേതൃത്വം ഗൗരവമായി കാണണം

വിദ്യാനഗർ: കോവിഡിന്റെ പശ്ചാത്തലത്തിൽ ജോലിയും കൂലിയുമില്ലാതെ വിഷമിക്കുന്ന നിർധനരായ മുഅല്ലിമുകളുടെ കാര്യം മഹല്ല് നേതൃത്വം ഗൗരവമായി കാണണമെന്ന് ചെങ്കള സർക്കിൾ കേരള മുസ്ലിം ജമാഅത്ത് അഭിപ്രായപ്പെട്ടു. തുച്ഛമായ വേതനത്തിന് സേവനം ചെയ്തു വരുന്ന ഒരു വിഭാഗത്തെ മഹാമാരിയുടെ സമയത്ത് ചേർത്ത് പിടിക്കുകയാണ് വേണ്ടത്. ഇത്തരം ഘട്ടങ്ങളിൽ അവരുടെ അവകാശമായ വേതനം പോലും തടഞ്ഞു വെക്കുന്നത് ഖേദകരമാണെന്ന് യോഗം വിലയിരുത്തി. ഉസ്താദുമാർക്ക് കേരള മുസ്ലിം ജമാഅത്ത് ചെങ്കള സർക്കിൾ കമ്മിറ്റി ബലിപെരുന്നാൾ കിറ്റുകൾ നൽകി. പ്രസിഡന്റ് സയ്യിദ് യു.പി.എസ് ജലാലുദ്ദീൻ അൽ ജിഫ്രി തങ്ങൾ ഉൽഘാടനം ചെയ്തു. അബ്ബാസ് സഖാഫി ചേരൂർ, അബ്ദുൽ ഖാദർ സഅദി ബാരിക്കാട്, ഫിനാൻസ് സെക്രട്ടറി അബ്ദുൽ ഖാദർ ഹാജി ചേരൂർ, നാഷണൽ അബ്ദുല്ല, ഹനീഫ് അമാനി ആലംപാടി, അബൂബക്കർ മൗലവി റഹ്മാനിയ നഗർ, അബ്ദുൽ റഹ്മാൻ സഅദി എർമാളം, നാസർ മളിയിൽ സംബന്ധിച്ചു.

കെ.എം.ജെ ചെങ്കള സർക്കിൾ കമ്മിറ്റി നൽകുന്ന ബലിപെരുന്നാൾ ഭക്ഷണകിറ്റ് വിതരണം പ്രസിഡന്റ് സയ്യിദ് യു.പി.എസ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

സൈനികന് കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ്ബിന്റെ ആദരം

കാഞ്ഞങ്ങാട്: കാർഗിൽ യുദ്ധ വിജയ ദിവസത്തിന്റെ ഭാഗമായാണ് ഇന്ത്യൻ വ്യോമസേനയിൽ 20 വർഷം മിസൈൽ ടെക്നീഷ്യനായി സേവനമനുഷ്ഠിച്ച് വിരമിച്ച വെള്ളിക്കോത്ത് പത്മാലയത്തിലെ സർജന്റ്. പി. നാരായണൻ കുട്ടി നായരെ കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ്ബ് പ്രവർത്തകർവീട്ടിലെത്തി ആദരിച്ചു. ടൗൺ പ്രസിഡണ്ട് ആന്റോ പൊന്നാടയണിയിച്ചു. സി. ബാലകൃഷ്ണൻ ആദരഭാഷണം നടത്തി. എൻ ജിനീയർ എൻ. ആർ. പ്രശാന്ത്, രഞ്ജുമാരാർ, ശശിധരൻ നായർ സംസാരിച്ചു. സർജന്റ്. പി. നാരായണൻകുട്ടിനായർ മറുപടി പ്രസംഗം നടത്തി.

കാഞ്ഞങ്ങാട്ടെ വഴിയോര കച്ചവടക്കാർക്ക് വായ്പാ പദ്ധതി

കാഞ്ഞങ്ങാട്: കോവിഡ് വ്യാപനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം ജീവിതം വഴിമുട്ടിയ വഴിയോര വ്യാപാരികളെ സഹായിക്കുന്നതിനായി സർക്കാർ 10000 രൂപ വഴിയോര കച്ചവടക്കാർക്ക് ദേശീയ ബാങ്ക് മുഖേന വായ്പ നൽകുന്ന പദ്ധതിക്ക് കാഞ്ഞങ്ങാട്ട് തുടക്കം കുറിച്ചു.കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത പദ്ധതി കേരളത്തിൽ കുടുംബശ്രീ വഴിയാണ് നിർവഹണം നടത്തുന്നത്. ഒന്നാം ഗഡുവായി 10,000 രൂപയാണ് കച്ചവടക്കാർക്ക് വായ്പയായി നൽകുന്നത്. വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 7% പലിശ സബ്സിഡി ലഭ്യമാക്കും. കാസർകോട് ജില്ലയിൽ 448 കച്ചവടക്കാർക്ക് ഇതുമൂലം സാമ്പത്തിക സഹായം ലഭിക്കും. തിരിച്ചറിയൽ കാർഡ് ലഭിച്ച എല്ലാ തെരുവ് കച്ചവടക്കാർക്കും ഈ പദ്ധതിവഴി അപേക്ഷിക്കാവുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിന് ഇലക്ഷൻ ഐഡി കാർഡ്,ആധാർ കാർഡ്, നഗരസഭ നൽകിയ വഴിയോര കച്ചവട തിരിച്ചറിയൽ കാർഡ് എന്നിവ വഴി www.udyamimitra.in എന്ന പോർട്ടലിലൂടെ വഴി അപേക്ഷിക്കാവുന്നതാണ്. ആന്ധ്ര ബാങ്കാണ് കാഞ്ഞങ്ങാട്ട് വായ്പ നൽകുന്നത്. വായ്പ്പാ പദ്ധതിയുടെ ഉദ്ഘാടനം നഗരസഭ ചെയർമാൻ വി.വി.രമേശൻ നിർവ്വഹിച്ചു. സ്ഥിരം സമിതി ചെയർപേഴ്സൺമാരായ എൻ ഉണ്ണികൃഷ്ണൻ, ഗംഗാരാധാകൃഷ്ണൻ, ടി.വി ഭാഗീരഥി, മഹമൂദ് മുറിയനാവി, നഗരസഭാ സെക്രട്ടറി എം.കെ ഗിരീഷ്, ബാങ്ക് മാനേജർ മിനു ആർ ശേഖരൻ, ജില്ലാ കോഡിനേറ്റർ ബൈജു, എം.ആർ ദിനേശൻ സംബന്ധിച്ചു.

വഴിയോര കച്ചവടക്കാർക്കുള്ള വായ്പാ പദ്ധതി കാഞ്ഞങ്ങാട് നഗരസഭാധ്യാപകൻ വി.വി.രമേശൻ നിർവ്വഹിക്കുന്നു

പ്ലസ് വൺ പ്രവേശനത്തിന് സഹായ കേന്ദ്രങ്ങളൊരുക്കി ബി ആർ സി

കാസർകോട്: പ്ലസ് വൺ പ്രവേശനത്തിന് കുട്ടികൾക്ക് സഹായം നൽകാൻ ബി ആർ സിയുടെ ഹെൽപ് ഡെസ്കുകൾ തുറന്നു. സമഗ്ര ശിക്ഷയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ ബി ആർ സികൾ കേന്ദ്രീകരിച്ചാണ് ഹെൽപ് ഡെസ്കുകൾ തയ്യാറായത്. പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ ഹെൽപ് ഡെസ്കുകൾ പ്രവർത്തന സജ്ജമാകും. വൈകിട്ട് നാല് വരെ സെന്ററുകൾ പ്രവർത്തിക്കും. കണ്ടൈൻമെന്റ് സോണുകൾ ഒഴുവാക്കിയാണ് കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഓരോ കേന്ദ്രങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും പ്രവർത്തനം. ബി ആർ സികളിലെ പരിശീലകർ, റിസോഴ്സ് പേഴ്സൺസ്, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സഹകരണത്തോടെയാണ് ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുക. ഹെൽപ്പ് ഡെസ്കുകളിലെത്തുന്ന കുട്ടികൾക്ക് സൗജന്യമായി അപേക്ഷ നൽകുന്നതോടൊപ്പം പ്രവേശനം സംബന്ധിച്ചുള്ള സംശയനിവാരണവും നടത്താം. പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ നടപടികൾ പൂർത്തീകരിക്കാൻ ഇത്തരം ഹെൽപ് ഡെസ്കുകൾ സഹായിക്കുമെന്ന് ഹൊസ്ദുർഗ് ബി ആർ സി പ്രോഗ്രാം ഓഫീസർ പി വി ഉണ്ണിരാജൻ പറഞ്ഞു.

ആദിവാസികളെ കുടി ഇറക്കാനുള്ള നീക്കം ഉപേക്ഷിക്കണം

നീലേശ്വരം: വെള്ളരിക്കുണ്ട്, പരപ്പ, കോട്ടപ്പാറയിൽ ആദിവാസി വിഭാഗത്തിലെ മാവിലൻ സമുദായ കുടുംബാംഗങ്ങളെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുന്നതായുള്ള ആരോപണത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് വെൽഫെയർ പാർട്ടി ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. യോഗത്തിൽ പ്രസിഡന്റ് മുഹമ്മദ് വടക്കേക്കര ആധ്യക്ഷം വഹിച്ചു. സി.എച്ച് മുത്തലിബ്, കെ.രാമകൃഷ്ണൻ, അമ്പുഞ്ഞി തലക്ലായി, പി.കെ അബ്ദുല്ല സംസാരിച്ചു.

ഡോ. കബീറിനെ ആദരിച്ചു

മുട്ടത്തൊടി :സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ കബീർ മുട്ടത്തൊടിയെ, മുട്ടത്തൊടി സുന്നി സംയുക്ത സമിതി ആദരിച്ചു. കബീർ എസ്.എസ്.എഫ് ഡിവിഷൻ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. പ്രസിഡന്റ് എച്ച്.കെ അബൂബക്കർ, മഫ്മൂദ്, എ.ആർ മുട്ടത്തൊടി, മജീദ്, സത്താർ, മഹ്മൂദ്, ഹമീദ്, യൂസുഫ്, ഹുമൈദ്, ഇജാസ്, എം.അബ്ബാസ്, യൂസുഫ്, സഖാഫി സംബന്ധിച്ചു.

പി നാരായണൻ കുട്ടിനായരെ കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ്ബ് ആദരിക്കുന്നു

കബീറിനെ മുട്ടത്തൊടി സുന്നി സംയുക്ത സമിതി ആദരിച്ചപ്പോൾ